KELTRON®

# കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡ്
## തിരുവനന്തപുരം
## കോർപ്പറേറ്റ് ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്

സി.എച്ച്.ആർ./ ഗ്രാറ്റ്യുറ്റി/2016 18.04.2016

# സർക്കുലർ

വിഷയം: - കെൽട്രോൺ എംപ്ലോയീസ് ഗ്രൂപ്പ് ഗ്രാറ്റ്യുറ്റി സ്കീം.

സൂചന: -30.04.2014 ലെ MD/OO – 3/2014 – 15 നമ്പർ ഓഫീസ് ഓർഡർ.

കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് "കെൽട്രോൺ എംപ്ലോയീസ് ഗ്രൂപ്പ് ഗ്രാറ്റ്യുറ്റി സ്കീം" എന്ന പേരിൽ ഒരു ഗ്രൂപ്പ് ഗ്രാറ്റ്യുറ്റി സ്കീം 2014 ജൂൺ 1 ന് നിലവിൽ വന്നു. പ്രസ്തുത സ്കീമിനെ കുറിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

- ആദ്യഘട്ടത്തിൽ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരിൽ 01.06.2014 മുതൽ പത്ത് വർഷമോ അതിൽ കൂടുതലോ സേവന കാലാവധി ഉള്ളവരേയും Manpower supply ഒഴികെയുള്ള കരാർ ജീവനക്കാരേയും ഈ സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു. അതിനുശേഷം, 01.06.2015 മുതൽ പ്രസ്തുത സ്കീമിന്റെ പരിധിയിലേക്ക് Manpower supply വിഭാഗത്തിലെ കരാർ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.
- സ്ഥാപനത്തിലേക്ക് പുതുതായി പ്രവേശിക്കുന്ന സ്ഥിരം, കരാർ ജീവനക്കാരും ഈ സ്കീമിന്റ പരിധിയിൽ ഉൾപ്പെടുന്നു.
- ഒരു ജീവനക്കാരൻ (സ്ഥിരം/കരാർ) സർവീസിലിരിക്കെ മരണപ്പെടുന്ന സാഹചര്യത്തിൽ, ആ സമയം മുതൽ സ്ഥാപനത്തിന്റെ വിരമിക്കൽ പ്രായം വരെയുള്ള കാലയളവിലേക്ക് ഗ്രാറ്റ്യുറ്റിക്ക് സമാനമായ ഇൻഷുറൻസ് പരിരക്ഷ കൂടി ഈ സ്കീം പ്രകാരം ലഭിക്കുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന തുകയ്ക്ക്, അവസാനമായി സ്കീം പുതുക്കിയപ്പോഴുള്ള ജീവനക്കാരന്റെ ശമ്പളമാണ് അടിസ്ഥാനമാകുന്നത്.

- കരാർ സർവീസിലിരിക്കെ സ്ഥിരനിയമനം ലഭിക്കുന്ന ജീവനക്കാർക്ക് കരാർ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച തീയതിയാണ് ഗ്രാറ്റ്യുറ്റിക്ക് അടിസ്ഥാനമാകുന്നത്. അതേ സമയം കരാർ ജോലി രാജിവച്ച് പോകുകയും പിന്നീട് സ്ഥിരനിയമനം ലഭിച്ച് സ്ഥാപനത്തിലേക്ക് തിരികെ വരുന്ന ജീവനക്കാർക്ക് സ്ഥിരനിയമനത്തിലേക്ക് പ്രവേശിക്കുന്ന തീയതിയാണ് ഗ്രാറ്റ്യുറ്റിക്ക് അടിസ്ഥാനമാകുന്നത്.
- കെൽട്രോൺ എംപ്ലോയീസ് ഗ്രൂപ്പ് ഗ്രാറ്റ്യുറ്റി സ്കീമിലേയ്ക്കായി കമ്പനി അടയ്ക്കുന്ന തുകയ്ക്ക് എൽ.ഐ.സി.യിൽ നിന്നും ശരാശരി 8% നിരക്കിൽ പലിശ ലഭിക്കുന്നുണ്ട്.
- കെൽട്രോൺ എംപ്ലോയീസ് ഗ്രൂപ്പ് ഗ്രാറ്റ്യുറ്റി സ്കീം പ്രകാരം ഗ്രാറ്റ്യുറ്റി നൽകുന്നതിന് 1972 ലെ Payment of Gratuity Act ലെ പ്രസക്തമായ വ്യവസ്ഥകളും ബാധകമാണ്.

ഈ സ്കീമിന്റെ നടത്തിപ്പിലേക്കായി രൂപപ്പെടുത്തിയ ട്രസ്റ്റിന്റെ നിലവിലെ അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീമതി. അലക്സി ജോസ്, സി.ജി.എം. (ഫിനാൻസ്) – ചെയർപേഴ്സൺ
2. ശ്രീമതി. ബീനാ മാത്യു, സി.ജി.എം. (സി.എം. & ഐ.റ്റി.ബി.ജി.) – ആൾട്ടർനേറ്റ് ചെയർപേഴ്സൺ
3. ശ്രീ. ബിലു. ബി., ഡി.ജി.എം. (ലീഗൽ & കമ്പനി സെക്രട്ടറി) – അംഗം
4. ശ്രീ. രാജേഷ് ആർ., സീനിയർ ഓഫീസർ (എച്ച്.ആർ) – അംഗം

ജീവനക്കാരുടെ അറിവിലേയ്ക്കായി പുറപ്പെടുവിക്കുന്നു.

സി.ജി.എം. (എച്ച്.ആർ. & അഡ്മിൻ)